ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പുവരുത്തൽ

132 (7429) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പ് വരുത്തുന്ന നടുത്തോട് ആഴം കൂട്ടി പാർശ്വഭിത്തിക്കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രദേശത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് പ്രദേശത്തെ നെൽകർഷകർക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പ് തുടങ്ങിവച്ച പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പാടശേഖരത്തിലെ ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

133 (7430) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തെല്ലാം കേന്ദ്രാവിഷ്കൃത പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കായംകുളം മണ്ഡലത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ, പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ബയോഗ്യാസ് വികസന പദ്ധതി
2. കണിക ജലസേചനം
3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ
4. ഓണാട്ടുകര വികസന ഏജൻസി വഴി ആർ.കെ.വി.വൈ. പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly